വാക്കുകൾ അദ്ദേഹം എടുത്തു പറഞ്ഞു.

ലൂഥർ: "മാംസം ഒന്നിനും ഉപകരിക്കുന്നില്ല് എന്നു ക്രിസ്തു പറയുമ്പോൾ തന്റെ മാംസത്തെക്കുറിച്ചല്ല നമ്മുടെ മാംസത്തെക്കുറിച്ചാണ് ഉദ്ദേശിക്കുന്നതു്."

സ്വിംഗ്ളി: "ആത്മാവ് ആത്മാവിനെ ഭക്ഷിക്കുന്നു. മാംസത്തെയല്ല."

ലൂഥർ: "വായ് ശരീരത്തെ ഭക്ഷിക്കുന്നു. ആത്മാവു ശരീരത്തെ ഭക്ഷിക്കുന്നില്ല."

സ്വിംഗ്ളി: "അപ്പോൾ ക്രിസ്തുവിന്റെ ശരീരം ഒരു ശരീരഭക്ഷണമാണ്. ആത്മഭക്ഷണമല്ല."

ലൂഥർ: "നിങ്ങൾ ഛിദ്രാന്വേഷി (വാക്കിൽ പിടിക്കാൻ നടക്കുന്നവൻ) യാണ്."

സ്വിംഗ്ളി: "ഒരിക്കലുമല്ല, നിങ്ങളുടെ വാദങ്ങൾ പരസ്പരവിരുദ്ധമെന്നു ഞാൻ കാണിച്ചതേ ഉള്ളൂ."

ലൂഥർ: "ദൈവം എനിക്കു കാട്ടിയ പഴങ്ങൾ തരുന്നാകിൽ ഞാൻ അവയെ ആത്മീയമായി തിന്നും. അത്താഴത്തിൽ വായ് ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുന്നു. ആത്മാവു് അവന്റെ വാക്കുകളിൽ വിശ്വസിക്കയും ചെയ്യുന്നു.

(തുടരും)

(പരിഭാഷകൻ സി. കെ. മാത്യു ബി. ഡി.)

# അമ്രാഫേലിന്റെ നിയമസംഹിത.

'ഹമ്മുറബി' എന്നു വിളിക്കപ്പെടുന്ന അമ്രാഫേൽ ബി. സി. ൨൨൮൦-൨൨൪൨ വരെ ബാബിലോൺരാജ്യം ഭരിച്ചിരുന്ന ഒരു രാജാവാണ്. അവൻ ബാബിലോനിലെ ഒന്നാം രാജവംശത്തിൽപെട്ട ആറാം രാജാവായിരുന്നപ്പോൾ. ഒരു സമർത്ഥനായ ഒരു ചക്രവർത്തി എന്ന നിലയിൽ അവനുള്ള വലിപ്പത്തെ തെളിയിക്കുന്ന അസംഖ്യം രേഖകൾ അടുത്തകാലത്തു നമുക്കു കിട്ടിയിട്ടുണ്ട്. ബാബിലോനിലെ ചെറിയ രാജ്യങ്ങളെ ഏകച്ഛത്രാധിപത്യമാക്കിച്ചെയ്തതു് അവനായിരുന്നു. ഒരു രാജാവെന്ന നിലയിൽ മാത്രമല്ല അവനെ എണ്ണുന്നതു്. അവൻ ഒരു സാഹിത്യകാരനുമായിരുന്നു. കാരണം പൂർവ്വോക്തകാലത്തെ വിശേഷലിഖിതങ്ങൾ അവൻ മുഖാന്തിരം എഴുതപ്പെട്ടിട്ടുള്ളവയാണ്.

എന്നാൽ അവന്റെ പേർ കേൾക്കുമ്പോൾ നമുക്കു അസാധാരണ താൽപ്പര്യം തോന്നുവാനുള്ള സംഗതി അവൻ അബ്രഹാമിന്റെ സമകാലികനായിരുന്നു എന്നുള്ളതാണ്. ഉല്പ. 14: 1-ൽ കാണുന്ന ശിനാറിലെ രാജാവായ അമ്രാഫേൽ ഇവൻ തന്നെ. പാശ്ചാത്യരും മത്സരികളുമായ അഞ്ചു രാജാക്കന്മാരെ കീഴടക്കുവാൻ കിഴക്കുള്ള മൂന്നു രാജാക്കന്മാരോടുകൂടി ഇവൻ വന്നതായി ഉല്പത്തിപ്പുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്നു.

അമ്രാഫേലിന്റെ ഭരണം ബാബിലോൺ സമതലം കഴിഞ്ഞു് പടിഞ്ഞാറോട്ടു മെഡിറ്ററേനിയൻ സമുദ്രം വരെ നീണ്ടുകിടന്നിരുന്നു. അബ്രഹാമിന്റെ കാലങ്ങളിൽ കീഴ്ബാബിലോനിയായിൽ ഉണ്ടായിരുന്ന പരിഷ്കാര

ത്തിന്റെ പാരമ്യത്തെപ്പററി അറിവാൻ കഴിഞ്ഞ ൨൫ കൊല്ലങ്ങളിലെ കണ്ടുപിടുത്തങ്ങൾ നമ്മെ സഹായിക്കുന്നു. ഫ്റഞ്ചുഗവൎമ്മെന്റിന്റെ ഉത്സാഹത്താൽ സൂസയിൽനിന്നു ലഭിച്ചിട്ടുള്ള നഷ്ടശിഷ്ടങ്ങൾ മററു് ഏതു കണ്ടുപിടുത്തങ്ങളെയും അതിശയിക്കുന്നു. 1901 ഡിസംബർ മാസത്തിലും 1902 ജനുവരിമാസത്തിലും എം. ജെ. ഡെമോർഗാൻ എന്ന മഹോത്കൃഷ്ടനായ ഫ്രഞ്ചു പുരാണവസ്തുപരിശോധകൻ എസ്ഥേറിന്റെ പുസ്തകത്തിൽ പറയുന്ന ശൂശൻ രാജധാനിയുടെ പഴയകോട്ട നിന്നിരുന്ന സ്ഥലത്തുനിന്നു് ഒരു കറുത്ത കൽക്കഷണം കണ്ടുപിടിക്കയുണ്ടായി. ആ കല്ല് പേർഷ്യൻ ഉൾക്കടലിന്റെ പ്രാന്ത പ്രദേശങ്ങളിൽ സ്മാരകങ്ങൾക്കും മററും ഉപയോഗിച്ചുവരുന്നമാതിരിയിലുള്ള കല്ലായിരുന്നു. ഇതിനെ അടുത്തുകിടന്ന ഏതാനും കൽക്കഷണങ്ങളോടു് ചേൎത്തുവെച്ചപ്പോൾ എട്ടടിയിൽ അധികം കിളരവും ചുവട്ടിൽ ഏകദേശം ആറടിയും മുകളിൽ അഞ്ചടിയും ചുററളവുള്ളതുമായ ഒരു സ്തംഭമായിത്തീൎന്നു. ഇതിന്റെ മുകളിൽ ഷമാഷ് എന്നു പറയുന്ന ദേവൻ നീട്ടിപ്പിടിച്ചിരിക്കുന്ന കയ്യിൽ ഒരു വടിയുമായി ഇരിക്കുന്ന ഒരു ചിത്രം കാണുന്നു. ആ വടിയിൽ കുറുകെയുള്ള വരകളോടുകൂടി ഒരു വൃത്താകൃതിയും ഉണ്ടു്. ഇതു് ഈജിപ്റ്റിൽ കാണുന്ന മിക്കസ്തംഭങ്ങളിന്മേലും കാണപ്പെടുന്നതും നിത്യതയെ കുറിക്കുന്നതുമായ ഒരു സ്വരൂപമാകുന്നു. അതിന്റെ മുമ്പിലായി ഒരു്, ആൾരൂപം സ്ഥിതിചെയ്യുന്നു. അതു് അമ്രാഫേൽ എന്നാണു് വിചാരിക്കപ്പെടുന്നതു്. ദേവന്റെ കയ്യിലിരിക്കുന്ന ഈ രഹസ്യാലക്ഷണങ്ങൾ അമ്രാഫേലിനു് നീട്ടിയിരിക്കയാണെന്നപോൽ. ഈ ചിത്രത്തിന്റെ അടിയിൽ ൧൬ വരിവീതമുള്ള ൧൬ കോളങ്ങൾ കാണുന്നുണ്ടു്. ഈ വശത്തു തന്നെ അഞ്ചു കോളങ്ങൾ കൂടി ഉണ്ടായിരുന്നു. എന്നാൽ വേറൊന്നെഴുതുവാൻ അതു മായിച്ചുകളഞ്ഞതായി തോന്നുന്നു. എതിർവശത്തു ൨൫൦൦ വരികൾ വരുന്ന ൨൮ കോളങ്ങൾ കാണുന്നുണ്ടു്.

ഈ ലിഖിതത്തിലെ വിഷയം വളരെ ഗൌരവമുള്ളതാണ്. അതിന്റെ കൎത്താവു് അബ്രഹാമിന്റെ ഒരു സമകാലീനനായിരുന്നു എന്നുള്ളതും ആയാൾ ആ കാലത്തെ ഒരു സാഹിത്യവിദഗ്ദ്ധനായിരുന്നു എന്നുള്ളതും ഓൎക്കുമ്പോൾ അതിലെ സംഗതികൾക്കു സാമാന്യാധികമായ പ്രാധാന്യമുണ്ടു്. ഈ സ്തംഭത്തിൽ അമ്രാഫേലിന്റെ സിവിൾനിയമങ്ങളാണു് അടങ്ങിയിരിക്കുന്നതു്. ആദ്യത്തെ 700 വരികൾ മുഖവുരയായി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. കൃഷി കച്ചവടം മുതലായവയെക്കുറിച്ചുള്ള നിയമങ്ങൾ ഇതിലുണ്ടു്. അമ്രാഫേലിന്റെ നിയമങ്ങൾ മോശയുടെ നിയമങ്ങളോടു മിക്കവാറും യോജിപ്പുള്ളതാണ്. എന്നാൽ അവ മനുഷ്യന്റെ ബാഹ്യഭാഗത്തെ സ്പൎശിക്കുന്നവയും മോശയുടെ നിയമങ്ങൾ ഉള്ളിലെ വിചാരം വികാരങ്ങൾ, ആഗ്രഹങ്ങൾ ഇവയെ പ്രത്യേകം തൊടുന്നവയുമാണു്. പഞ്ചാഗമങ്ങളിൽ കാണുന്ന നിയമങ്ങളുടെ സാരാംശങ്ങൾ വളരെ പഴയകാലത്തുതന്നെ ഉണ്ടായിരുന്നുവെന്നു് ഈ നിയമങ്ങളാൽ പ്രത്യക്ഷീഭവിച്ചിട്ടുണ്ടു്. അവയുടെ സാമ്യപരിശോധനയ്ക്കായിട്ടു അമ്രാഫേലിന്റെയും മോശയുടെയും ചില നിയമങ്ങൾ ഉദ്ധരിക്കുന്നതു വായനക്കാൎക്കു രസജനകമായിരിക്കുമെന്നു വിശ്വസിക്കുന്നു.

പുറം ൨൧ മുതൽ ൨൩ വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന ചില നിയമങ്ങളെ മററുള്ളവയുമായി താരതമ്യപ്പെടുത്തി നോക്കാം.

പുറ. ൨൧:൨.

"ഒരു എബ്രായ ദാസനെ വിലയ്ക്കു വാങ്ങിയാൽ ആറു സംവത്സരം സേവിച്ചിട്ട് ഏഴാം സംവത്സരത്തിൽ അവൻ ഒന്നും കൊടുക്കാതെ സ്വതന്ത്രനായി പൊയ്ക്കൊള്ളട്ടെ."

അമ്രാഫേൽ വകുപ്പ് ൧൧൭

"ഒരു മനുഷ്യൻ കടത്തിനു തന്റെ ഭാര്യയെയോ മകനെയോ മകളെയോ വിൽക്കുകയോ ദാസ്യവൃത്തിക്കു അവരെ ബന്ധന്മാരാക്കുകയോ ചെയ്യുന്നപക്ഷം അവരെ വിലയ്ക്കുവാങ്ങിച്ചവന്റെയോ ദാസ്യവൃത്തിക്കു കൊടുത്തവന്റെയോ വീട്ടിൽ മൂന്നു വർഷം വേല ചെയ്യണം. നാലാം വർഷം അവർ സ്വതന്ത്രരായിപ്പോകാം."

൨൧: ൧൫.

"തന്റെ അപ്പനെയോ അമ്മയെയോ അടിക്കുന്നവൻ മരണശിക്ഷ അനുഭവിക്കണം."

വകുപ്പ് ൧൯൫.

"ഒരു പുത്രൻ അവന്റെ പിതാവിനെ അടിച്ചാൽ അവന്റെ വിരലുകൾ ഛേദിച്ചുകളയേണം."

൨൧: ൧൬.

"ഒരുത്തൻ ഒരാളെ മോഷ്ടിച്ചിട്ട് അവനെ വില്ക്കയാകട്ടെ, അവന്റെ കൈവശം അവനെ കണ്ടുപിടിക്കയാകട്ടെ ചെയ്താൽ അവൻ മരണശിക്ഷ അനുഭവിക്കണം."

വകുപ്പ് ൧൪.

"ഒരാളിന്റെ ഇളംപ്രായക്കാരനായ ഒരു മകനെ ഒരാൾ മോഷ്ടിക്കുന്നതായാൽ അവൻ കൊല്ലപ്പെടണം."

൨൧: ൧൮, ൧൯.

"മനുഷ്യർ തമ്മിൽ ശണ്ഠ കൂടീട്ട് ഒരുത്തൻ മററവനെ കല്ലുകൊണ്ടോ മുഷ്ടികൊണ്ടോ കുത്തിയതിനാൽ അവൻ മരിച്ചുപോകാതെ കിടപ്പിലാകയും പിന്നെയും എഴുന്നേററു വടി ഊന്നി വെളിയിൽ നടക്കയും ചെയ്താൽ കുത്തിയവനെ ശിക്ഷിക്കരുത്; എങ്കിലും അവൻ അവന്റെ മിനക്കേടിനുവേണ്ടി കൊടുത്ത് അവനെ നല്ലവണ്ണം ചികിത്സിപ്പിക്കണം."

വകുപ്പ് ൨൦൬.

"ഒരുവൻ മറെറാരുവനുമായി ശണ്ഠയുണ്ടായി അവനെ അടിച്ചു മുടന്തനാക്കിയാൽ ഞാൻ കരുതിക്കൂട്ടി അടിച്ചതല്ല എന്ന് അവൻ സത്യം ചെയ്യണം. അനന്തരം അവൻ വൈദ്യനുള്ള ഫീസു കൊടുത്ത് അവനെ ചികിത്സിപ്പിക്കണം."

൨൧: ൨൬.

"ഒരുത്തൻ അടിച്ചു തന്റെ ദാസന്റെയോ ദാസിയുടെയോ കണ്ണു കളഞ്ഞാൽ അവൻ കണ്ണിനു പകരം അവനെ സ്വതന്ത്രനായി വിട്ടയയ്ക്കേണം."

൨൧: ൨൮.

"ഒരു കാള ഒരു പുരുഷനെയോ സ്ത്രീയെയോ കുത്തിക്കൊന്നാൽ ആ കാളയെ കല്ലെറിഞ്ഞു കൊല്ലേണം. അതിന്റെ മാംസം തിന്നരുത്: കാളയുടെ ഉടമസ്ഥനോ കുററമില്ലാത്തവൻ."

൨൧: ൨൯.

"എന്നാൽ ആ കാള മുമ്പു തന്നെ കുത്തുന്നതായും ഉടമസ്ഥൻ അതു അറിഞ്ഞുമിരിക്കെ അവൻ അതിനെ സൂക്ഷിക്കായ്കകൊണ്ടു് അതു് ഒരു പുരുഷനെയോ സ്ത്രീയെയോ കൊന്നുകളഞ്ഞാൽ ആ കാളയെ കല്ലെറിഞ്ഞു കൊല്ലേണം. അതിന്റെ ഉടമസ്ഥനും മരണശിക്ഷ അനുഭവിക്കേണം."

൨൧: ൩൨.

"കാള ഒരു ദാസനെയോ ദാസിയെയോ കുത്തിയാൽ അവൻ അവരുടെ ഉടമസ്ഥനു മുപ്പതു ശേക്കൽ വെള്ളി കൊടുക്കേണം; കാളയെ കൊന്നുകളകയും വേണം."

൨൨: ൨.

"കള്ളൻ വീടു മുറിക്കുമ്പോൾ പിടിക്കപ്പെട്ടു അടികൊണ്ടു മരിച്ചുപോയാൽ അവനെ സംബന്ധിച്ചു രക്തപാതകം ഇല്ല."

വകുപ്പ് ൧൯൯.

"ഒരുവൻ ഒരാളിന്റെ ഭൃത്യന്റെ കണ്ണു പൊട്ടിക്കയോ അസ്ഥി ഒടിക്കയോ ചെയ്താൽ അവന്റെ വിലയുടെ പകുതി കൊടുക്കണം."

൨൫൦.

"ഒരു കാള തെരുവിൽ കൂടി കടന്നു പോകുമ്പോൾ ഒരു മനുഷ്യനെ കുത്തിക്കൊന്നാൽ ഇതിനു ശിക്ഷയില്ല."

വകുപ്പ് ൨൫൧.

"ഒരാളിന്റെ കാള കുത്തുന്നതായിരിക്കയും അതിന്റെ ഉപദ്രവത്തെക്കുറിച്ചു് അവനു അറിവു കിട്ടിയ ശേഷം അതിനെ കെട്ടിസൂക്ഷിക്കയും ചെയ്യാതെ ആ കാള ഒരു മനുഷ്യപുത്രനെ കുത്തിമരണം വരുത്തുന്നതായാൽ ഒന്നര മാനാ വെള്ളി ഉടമസ്ഥൻ കൊടുക്കണം."

വകുപ്പ് ൨൫൨.

"അതു് ഒരാളിന്റെ ഭൃത്യനായിരുന്നാൽ അവൻ മൂന്നിലൊന്നു മാനാ വെള്ളി കൊടുക്കണം."

വകുപ്പ് ൨൨.

"ഒരു മനുഷ്യൻ മോഷ്ടിക്കയും അവനെ പിടികൂടുകയും ചെയ്താൽ അവൻ കൊല്ലപ്പെടണം."

പ.പ: ൩.

"എന്നാൽ അസ്തു നേരം വെളുത്ത ശേഷമാകുന്നുവെങ്കിൽ രക്തപാതകം ഉണ്ടു്. കള്ളൻ ശരിയായിട്ടു് പ്രതിശാന്തി ചെയ്യണം; അവൻ വകയില്ലാത്തവനെങ്കിൽ തന്റെ മോഷണം നിമിത്തം അവനെ വില്ക്കേണം."

വകുപ്പു് ൮

കാള, ആടു്, കഴുത, പന്നി, വള്ള
എന്നിവ ഒരു ദേവാലയത്തിൽ ന
ന്നോ ഒരു രാജധാനിയിൽനിന്നോ
മോഷ്ടിക്കുന്നതായാൽ അവൻ മുപ്പ
മടങ്ങു തിരികെ കൊടുക്കണം. അതു
രു സ്വതന്ത്രമനുഷ്യന്റെ പക്കൽ ന
ന്നായിരുന്നാൽ അവൻ അതു പത്തു
ടങ്ങു കൊടുക്കണം. കള്ളനു യാതൊന്ന
കൊടുപ്പാൻ കഴിയാതെപോയാൽ അ
വൻ കൊല്ലപ്പെടണം."

പ.പ: ൮

"സമ്മാനം കാഴ്ചയുള്ളവരെ കുരുടാക്കുകയും നീതിമാന്മാരുടെ വാക്കുകളെ മറിച്ചുകളകയും ചെയ്യുന്നതുകൊണ്ടു് നീ സമ്മാനം വാങ്ങരുതു്."

വകുപ്പു് ൩.

"ഒരു മനുഷ്യൻ വ്യവഹാരത്ത
ൽ കൈക്കൂലിയായി ധാന്യമോ പണ
മോ കൊടുത്തു സാക്ഷികളെ ഹാജര
ക്കുന്നതായാൽ അവൻ ആ വ്യവഹാ
ത്തിൽ ചുമത്തപ്പെടുന്ന ശിക്ഷ വഹി
ക്കണം."

അതിപുരാതനമായ ഈ നിയമസംഹിത പഴയനിയമ സത്യതയ്ക്കു പ്ര
ബലമായ ഒരു തെളിവല്ലയോ?

# പുസ്തകാഭിപ്രായം.

## മലയാളശൈലീനിഘണ്ടു.

ഗവൎമ്മെന്റു ട്രാൻസ്ലേറ്റർ മിസ്റ്റർ രാമലിംഗംപിള്ള എം. എ, ഈയിടെ പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുന്ന ഒരു വിശിഷ്ടശബ്ദകോശത്തിന്റെ പേരാണു മേൽ കാണിച്ചിട്ടുള്ളതു്. ഇതിന്റെ ആദ്യത്തെ ഏതാനും പേജുകൾ അഭിപ്രായത്തിനായി അയച്ചു തന്നിട്ടുള്ളതു സസന്തോഷം ഞങ്ങൾ കൈപ്പററിയിരിക്കുന്നു. മലയാളഭാഷയിലെ സംസ്കൃതപദങ്ങൾക്കും സാ

മാന്യപദങ്ങൾക്കും പല മഹാന്മാർ
നിഘണ്ടുക്കൾ എഴുതീട്ടുണ്ടെന്നുള്ള
തു സുവിദിതമാണല്ലോ. എന്നാൽ ആ
വക നിഘണ്ടുക്കളിൽ മലയാള
ശൈലികൾ ചുരുക്കമായി മാത്രമെ
ചേൎത്തിട്ടുള്ളു. എന്നാൽ ശ്രീമാൻ രാമ
ലിംഗംപിള്ള അവൎകളുടെ പ്രസിദ്ധീ
കരണം ആ കുറവിനെ പൂൎണ്ണമായി
പരിഹരിക്കുമെന്നാണു ഞങ്ങളുടെ വി
ശ്വാസം. ഭാഷയുടെ അമൂല്യമായ ഒരു
സ്വത്തായിത്തീൎന്നിരിക്കുന്ന ഈ ശൈ

ലീനിഘണ്ടു, എല്ലാ ഭാഷാപ്രണയികൾക്കും, വിശിഷ്യ അദ്ധ്യാപകന്മാർ, പത്രപ്രവർത്തകന്മാർ, കവികൾ മുതലായവർക്കും ഒഴിച്ചുകൂടാത്ത ഒരു ഗ്രന്ഥം തന്നെയാണ്. ഇതിൽ ഓരോ ശൈലികൾക്കും ദൃഷ്ടാന്തങ്ങൾ കൊടുത്തിരിക്കുന്നതു ജിജ്ഞാസുക്കൾക്കു വളരെ സഹായം തന്നെ. പക്ഷേ, ഉദാഹരണങ്ങൾ നിവൃത്തിയുള്ളിടത്തോളം സാഹിത്യഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിക്കുന്നതായാൽ അത് അധികം നന്നായിരിക്കുമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ രാമലിംഗംപിള്ളയ്ക്കു ഞങ്ങൾ സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

# വെളിപ്പാടുപുസ്തകം

## ൫. ദാനിയേലിന്റെ മുൻകാഴ്ച

### ൧. മഹാബിംബം

ദാനിയേലിന്റെ പ്രവചനത്തിലേക്കു നമുക്കു തിരിയാം. രണ്ടുഭാഗമായി വിഭജിക്കാവുന്ന ഒരു പുസ്തകമാണ് ദാനിയേലിന്റെ പ്രവചനം. ആദ്യത്തെ ആറു അദ്ധ്യായങ്ങൾ ചരിത്രസംബന്ധമായിട്ടുള്ളതും ഒടുവിലത്തെ ആറു അദ്ധ്യായങ്ങൾ പ്രവചനസംബന്ധമായിട്ടുള്ളതുമാകുന്നു. ഇതിൽ നെബുഖദ്നേസറിന്റെ ഒരു സ്വപ്നവും ദാനിയേലിന്റെ നാലു ദർശനങ്ങളും അടങ്ങിയിരിക്കുന്നു. ഇവയെല്ലാം ജാതികളുടെ കാലത്തെ സ്പർശിക്കുന്നതുമാണ്. നെബുഖദ്നേസർ കണ്ട ബിംബത്തിന്റെ തല തങ്കംകൊണ്ടുള്ളതും, നെഞ്ചും കയ്യും വെള്ളികൊണ്ടുള്ളതും, വയറും അരയും താമ്രംകൊണ്ടുള്ളതും, തുട ഇരിമ്പുകൊണ്ടുള്ളതും, കാൽ പാതി ഇരിമ്പും പാതി കളിമണ്ണുംകൊണ്ടുള്ളതും ആയിരുന്നു. ഈ ബിംബം മനുഷ്യകൈകൾ കൂടാതെ പർവ്വതത്തിൽനിന്നു വെട്ടിയെടുക്കപ്പെട്ട കല്ലിനാൽ നശിപ്പിക്കപ്പെട്ട ശേഷം കല്ല് ഒരു വലിയ പർവ്വതമായിത്തീരുകയും ഭൂമി മുഴുവൻ നിറകയും ചെയ്തു. ദാനി. 2:31-35. ബിംബം നിർമ്മിക്കപ്പെട്ടിരുന്ന നാലു ലോഹങ്ങൾ തുടർന്ന് ഉത്ഭവിപ്പാനിരുന്ന നാലു സാമ്രാജ്യങ്ങളെ സൂചിപ്പിക്കുന്നതായിരുന്നു. ദാനി. ൨:൩൬-൪൦. നെബുഖദ്നേസറിന്റെ കാലമായ ബി. സി. ൬൦൬-മുതൽ ക്രിസ്തുവിന്റെ രണ്ടാം വരവുവരെ നാലു മഹാരാജ്യങ്ങൾ, അതായതു ബാബിലോൻ, മേദപ്പാർസ്യ, ഗ്രീക്ക്, റോമ എന്നീ ലോകരാജ്യങ്ങൾ ഒന്നിനുപിന്നാലൊന്നായി എഴുന്നേൽക്കേണ്ടിയിരുന്നു. പുസ്തകത്തിൽ ഈ സാമ്രാജ്യങ്ങളുടെ എണ്ണം മാത്രമല്ല, യഥാക്രമം അവയുടെ പേരുകളും കൊടുത്തിട്ടുണ്ട്. ആദ്യത്തെ സാമ്രാജ്യം ബാബിലോൻ ആണെന്നു ദാനിയേൽ സ്വപ്നവ്യാഖ്യാനവേളയിൽ രാജാവിനോടു പറയുന്നു. "പൊന്നുകൊണ്ടുള്ള തല നീ തന്നെ". ദാനി. ൨:൩൮. മേദപ്പാർസ്യയാണ് രണ്ടാമത്തെ സാമ്രാജ്യമെന്ന് ബെൽശസ്സറിന്റെ വിരുന്നിനെക്കുറിച്ചുള്ള വൃത്താന്തത്തിൽ ദാനിയേൽ തന്നെ കാണിച്ചിട്ടുണ്ട്. അ

വൻ ഉറപ്പിച്ചു പറഞ്ഞിട്ടുള്ള വാക്കുകളാവിതു്: "ആ രാത്രിയിൽ തന്നെ കല്ദയ രാജാവായ ബെൽശസ്സർ കൊല്ലപ്പെട്ടു. മേദ്യനായ ദാര്യാവേശ് അറുപത്തിരണ്ടു വയസ്സുള്ളവനായി രാജത്വം പ്രാപിച്ചു" ദാനി. ൫:൩൦, ൩൧. മൂന്നാമത്തതു ഗ്രീക്കു് സാമ്രാജ്യമാണെന്നു ദാനി. ൮:൨൦,൨൧ ഈ വാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. "രണ്ടു കൊമ്പുള്ളതായി നീ കണ്ട ആട്ടുകൊററൻ പാർസ്യരാജാക്കന്മാരെ കുറിക്കുന്നു. പരുപരുത്ത കോലാട്ടുകൊററൻ യവനരാജാവും അതിന്റെ കണ്ണുകളുടെ നടുവിലുള്ള വലിയകൊമ്പു ഒന്നാമത്തെ രാജാവും ആകുന്നു." നാലാമത്തേതു റോമ. ഇതിനെക്കുറിച്ചു ദാനി. ൯: ൨൬-ലാണു പറഞ്ഞിരിക്കുന്നതു്. "പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരം (യരുശലേം) ത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും." എ.ഡി. ൭൦-ൽ യരുശലേമിനെ നശിപ്പിച്ചതു തീത്തൂസിന്റെ നേതൃത്വത്തിലെ റോമരായിരുന്നുവെന്നുള്ളതു നമുക്കറിവുള്ളതാണു്. ഈ നാലു സാമ്രാജ്യങ്ങൾ അവയുടെ പേർ പറഞ്ഞിട്ടുള്ള ക്രമത്തിൽതന്നെ വരേണ്ടതാകുന്നു മാത്രമല്ല; അവയുടെ തുടർമാനത്തിനു് വിഘടിത്തിയുണ്ടാകുവാനും പാടില്ല. ബാബിലോൻ സാമ്രാജ്യം ൬൦൬ മുതൽ ൫൩൮ വരെയും, മേദപാർസ്യ ൫൩൮ മുതൽ ൩൩൩ വരെയും, ഗ്രേക്കുസാമ്രാജ്യം ൩൩൩ മുതൽ ൩൧൩ വരെയും നിലനിന്നു. അനന്തരം അതു്, ത്രെയിസ്, മാസിഡോനിയാ, സിറിയാ, ഈജിപ്റ്റ് എന്നു നാലായി വിഭജിക്കപ്പെട്ടു. ഇവയിൽ ഒടുവിലത്തെ രാജ്യമായ ഈജിപ്റ്റ് ബി. സി. ൩൦-ൽ റോമാക്കാർ കീഴടക്കി. അനന്തരം റോമസാമ്രാജ്യം ബി. സി. ൩൦ മുതൽ എ. ഡി. ൪൭൬ വരെ നിന്നശേഷം കിഴക്കും പടിഞ്ഞാറും എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി പിരിഞ്ഞു. അന്നുമുതൽ ഇന്നുവരെ ഒരു ലോകൈകസാമ്രാജ്യം ഉണ്ടായിട്ടില്ല. ഈ പ്രവചനപ്രകാരം ക്രിസ്തു തന്റെ ശിലാസാമ്രാജ്യം അഥവാ സഹസ്രാബ്ദരാജ്യം സ്ഥാപിക്കുന്നതുവരെ അങ്ങിനെ ഒരു സാമ്രാജ്യം ഉണ്ടാകാൻ കഴിയുന്നതുമല്ല. മഹാബിംബത്തെ അതിന്റെ പാദങ്ങളിൽ അടിച്ചുതകർത്തുകളയുന്നതു് ആ ഭാവി സാമ്രാജ്യത്തിന്റെ സൂചകമായ കല്ലാണ്. ഈ ശിലാസാമ്രാജ്യം ഭൂമിമുഴുവൻ നിറഞ്ഞു സാർവ്വലൗകികസാമ്രാജ്യമായി ഭവിക്കേണ്ടതത്രെ. ഈ കല്ലു ക്രിസ്തുമാർഗ്ഗമായിരിപ്പാൻ പാടില്ല. കാരണം, അതു ക്രമേണ ഭൂമിയെ നിറയ്ക്കുയല്ലാതെ ഒരു അടിക്കു് അതിനെ നശിപ്പിക്കുന്നില്ല. കൂടാതെ കല്ലിന്റെ പ്രവൃത്തി സുവിശേഷം പോലെ കൃപാമയമല്ല. ന്യായവിധി സംബന്ധിച്ചുള്ളതാണ്. അതു പെട്ടെന്നുള്ളതും കലാപമയവും തന്നെ. എന്നു മാത്രമല്ല, അതിന്റെ വിനാശം കാൽ വിരലുകൾ രൂപവല്ക്കരിക്കപ്പെടുന്നതിനു മുൻപു സംഭവിക്കുന്നതുമല്ല. കൂടാതെ എ. ഡി. ൪൭൬ വരെ കാലുകൾ രണ്ടും വെളിപ്പെട്ടിട്ടില്ലായിരുന്നു. കാൽവിരലുകൾ ഇപ്പോഴും മറഞ്ഞിരിക്കുന്നതേയുള്ളു. കല്ലു പാദങ്ങളിൽ വീഴുന്ന ലാക്കു "ഈ രാജാക്കന്മാരുടെ കാലത്തു" എന്നാണു പറഞ്ഞിരിക്കുന്നതു്. (ദാനി. ൨:൪൪) അതായതു, ദാനിയേൽ കണ്ട നാലാമത്തെ മൃഗത്തിന്റെ പത്തുകൊമ്പുകളും (ദാനി. ൭: ൭,൨൪) യോഹന്നാൻ കണ്ട മൃഗത്തെ (വെളി. ൧൭:൧൨) സംബന്ധിച്ചുള്ള പത്തു രാജാക്കന്മാരുമാകുന്ന പത്തു കാൽവിരലുകളാൽ സൂചിപ്പിക്ക

പ്പെടുന്ന രാജാക്കന്മാർ തന്നെ. ആദ്യത്തെ നാലുരാജ്യങ്ങൾ അക്ഷരരാജ്യങ്ങളായിരുന്നു. ശിലാരാജ്യവും അങ്ങിനെ തന്നെ വരേണ്ടതാണ്. കാരണം, അതു് ആ രാജ്യങ്ങളുടെ സ്ഥാനം പിടിച്ചു മുഴുഭൂമിയേയും നിറപ്പാനുള്ളതുതന്നെ. ക്രിസ്തുവിൻെറ സഹസ്രാബ്ദരാജ്യമാണിതു്. കാരണം, ക്രിസ്തുതന്നെയാണു വേദവാക്യങ്ങളിൽ പറയപ്പെടുന്ന കല്ല്. മേല്പറഞ്ഞവയിൽനിന്നു നെബുഖദനേസർ കണ്ട മഹാബിംബം, ലോക സാമ്രാജ്യങ്ങളേയും അവയുടെ ഐക്യം, ചാരിത്രികമായ പിന്തുടർച്ച എന്നിവയേയും സൂചീകരിക്കുന്നു. പുറജാതിലോകത്തെ ഒരു വലിയ ലോഹമനുഷ്യൻ എന്ന നിലയിൽ കാണിക്കപ്പെട്ടിരിക്കുന്നു. രാജ്യങ്ങളുടെ ക്രമേണയുള്ള നീചാവസ്ഥയെ ലോഹങ്ങളുടെ കുറഞ്ഞു കുറഞ്ഞുവരുന്ന വിലയാൽ കാണിച്ചിരിക്കുന്നു. വെള്ളി സ്വർണ്ണത്തേക്കാളും, താമ്രം വെള്ളിയേക്കാളും, ഇരിമ്പു താമ്രത്തേക്കാളും, കളിമണ്ണു ഇരിമ്പിനേക്കാളും നീചമാ(വിലകുറഞ്ഞതാ)ണല്ലോ. ബിംബത്തിൻെറ ഭാരവും കുറഞ്ഞുവരുന്നു. സ്വർണ്ണത്തിൻെറ വിശേഷഗുരുത്വം ൧൯.൩; വെള്ളിയുടെ ൧൦.൫; താമ്രത്തിൻെറ ൮; ഉരുക്കിരുമ്പ് അഥവാ ചീനച്ചട്ടിയുടെ ൭; കളിമണ്ണിൻെറ ൧.൯൩. ഭരണശക്തിയുടെ സ്വഭാവവും നെബുഖദ്നേസറിൻെറ നേതൃത്വത്തിൻകീഴിലുള്ള ഏകച്ഛത്രാധിപത്യത്തിൽനിന്നു് കാലിലെ ഇരുമ്പിൻെറയും കളിമണ്ണിൻെറയും കലർപ്പുകൊണ്ടു സൂചീകരിച്ചിട്ടുള്ള അനിയന്ത്രിത പ്രജാപ്രഭുത്വത്തിലേക്കു് അപകർഷിച്ചു പോകുന്നു. വേറെ വിധത്തിൽ പറഞ്ഞാൽ ഭരണശക്തി ശരീരാംഗങ്ങളാലു നടത്താനുള്ള ഉപകരണമാകുന്ന തലയിൽനിന്നു ശിരോനിർദ്ദിഷ്ടമായ സ്ഥലത്തേക്കു ശരീരത്തെ വഹിച്ചുകൊണ്ടുപോകുവാൻ മാത്രം കടമയുള്ള കാലുകളിലേക്കു കടക്കുന്നു. നാം ഇത്രയധികം ബിംബത്തെക്കുറിച്ചു് ആലോചിക്കേണ്ടിവന്നതു് കടലിൽനിന്നു കയറി വന്നതായി ദാനിയേൽ കണ്ട മൃഗങ്ങളുടെ അർത്ഥം അറിയുന്നതിന് ഇതു് ഒഴിച്ചുകൂടാത്തതിനാലാണ്.

# മഹാത്മാഗാന്ധിയും ബൈബിളും

ലോക പ്രസിദ്ധനായ മഹാത്മാഗാന്ധി അവർകളോടു്, അദ്ദേഹത്തിനു മാർഗ്ഗദർശകമായിത്തീർന്നിട്ടുള്ള സാഹിത്യങ്ങൾ ഏവയെന്നു് ഈയിടെ ചോദിച്ചപ്പോൾ ബൈബിളും, റസ്കിൻ, ടോൾസ്റ്റോയി ഇവരുടെ ഗ്രന്ഥങ്ങളുമാണെന്നു മറുപടി പറകയുണ്ടായി. ബൈബിളിനെക്കുറിച്ചു അദ്ദേഹം പറഞ്ഞതാവിതു്: "പോകേണ്ടവഴി ഏതെന്നറിയാതെ ഞാൻ പലപ്പോഴും കുഴങ്ങി നിന്നിട്ടുണ്ടു്. അപ്പോളൊക്കെയും ഞാൻ ബൈബിളിൻെറ അടുക്കൽ, വിശിഷ്യ പുതിയനിയമത്തിൻെറ അടുക്കൽ ചെല്ലുകയും അതിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളിൽ നിന്നു ഞാൻ ശക്തിയെ ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ടു്."

# ജോൺവിക്ലിഫിൻെറ ഒരു കത്ത്.

പതിനാലാം നൂറാണ്ടിൽ ജീവിച്ചിരുന്ന നവീകരണനേതാവായ ജോൺ വിക്ലിഫ് എന്ന പണ്ഡിതൻ അതേകാലത്തു് അതേ പ്രവൃത്തിയിൽ ഉദ്യുക്തനായിരിക്കയും ഒടുവിൽ അതേ വിശ്വാസം നിമിത്തം അഗ്നിമരണം ഏല്ക്കയും ചെയ്ത ബൊഹീമിയാനാട്ടുകാരനായ ജോൺ ഹസ്സിൻെറ പേൎക്കെഴുതിയ ഒരു എഴുത്തു താഴെ വരും പ്രകാരമായിരുന്നു:—

കൎത്താവിൽ വാത്സല്യ സഹോദരാ! ഞാനും സത്യത്തെ അറിയുന്ന ഏവരുമേറിക്കും നിങ്ങളെ ഉറച്ചു സ്നേഹിപ്പാൻ കടപ്പെട്ടവരത്രേ. നാം ഏതൊരു സത്യത്തിൻെറ പരിജ്ഞാനത്തിലേക്കു ദൈവകൃപയാൽ വന്നെത്തിയോ ആ സത്യം തന്നെ നമ്മെ സഹായിക്കുമെന്നറിഞ്ഞുകൊൾക. അവിടെ നിന്നും വന്നിരുന്ന സഹോദരന്മാർ മുഖാന്തരം നിങ്ങൾ സത്യത്തിനനുസരണമായി നടക്കുന്നു എന്നുള്ളതറിഞ്ഞു ഞാൻ ആനന്ദ വിവശനായിത്തീൎന്നു. ക്രിസ്തുവിൻെറ ദാസന്മാരായ നിങ്ങൾക്കു അന്തിക്രിസ്തു ചെയ്തുവരുന്ന ഉപദ്രവങ്ങളും ഞാൻ കേട്ടറിഞ്ഞു. ഇങ്ങനെ സംഭവിക്കുന്നതിൽ ആശ്ചര്യപ്പെടേണ്ടാ. രക്ഷിതാവിൻെറ പ്രമാണത്തിന്നനുസരണമായി നടക്കുന്നവർ ഈ പീഡകൾ സഹിക്കതന്നെ ചെയ്യുമെന്നുള്ളതിനു സംശയമില്ല. ചുവന്ന മഹാസൎപ്പം സ്ത്രീയെ പീഡിപ്പിക്കുന്നതായി യോഹന്നാൻ തൻെറ ദൎശനത്തിൽ കണ്ടതുപോലത്രെ ഇപ്പോൾ നടന്നുവരുന്നതു്. സൎവ്വശക്തനായ ദൈവം തൻെറ ഭക്തന്മാൎക്കു വന്നുകൂടുന്ന ഈ ഉപദ്രവങ്ങളിൽ അവരെ നെടുനീളെ ഇട്ടുകളകയില്ല. അവൎക്കു താൻ രക്ഷനൽകും. അതിനാൽ പൂൎവ്വാധികമായ സ്ഥിരതയോടുകൂടി ഹൃദയപൂൎവ്വം അവനെ സ്നേഹിക്കുന്നതായാൽ നിത്യഭാഗ്യം നമുക്കു സംസിദ്ധിതമത്രെ. സ്നേഹിക്കുന്ന ഏതുമകനെയും താൻ ശിക്ഷിക്കുന്ന പിതാവാകയാൽ നേരിടുന്ന യാതൊരു പീഡകളിലും ക്ഷീണിച്ചുപോകാതെ ധൈൎയ്യപ്പെട്ടിരിക്കണം. സ്വൎണ്ണം സ്ഫുടം ചെയ്യുന്നതുപോലെ നാം സ്ഫുടമിടപ്പെടുന്നു. നാം ഇതുനിമിത്തം അധികം ശുദ്ധരാവുകയും പരലോകത്തിന്നൎഹന്മാരായി തീരുകയും ചെയ്യും.

ഈ ലോകവാസം നീൎക്കുമിളപോലെ ചപലമായിട്ടുള്ളതും സ്വൎഗ്ഗവാഴ്ച ശാശ്വതവുമാകുന്നു. ഇവിടെ യേശുരക്ഷിതാവിൻെറ സേവകരായി നാം തീരുന്നപക്ഷം പരലോകത്തിൽ നാം പരമാനന്ദാനുഭാവികളായി തീരും. ഈ ലോകത്തിൽ കഷ്ടവും പ്രയാസവുമൊഴിച്ചു വേറൊന്നുമില്ല. സ്വൎഗ്ഗഭാഗ്യാന്വേഷികളായി ഇരിക്കുന്നതുതന്നെ ഉത്തമം. മുമ്പു ജീവിച്ചിരുന്ന ഭക്തന്മാരും പീഡയും ക്ലേശവും മാത്രമല്ല മരണവും അനുഭവിച്ചിരുന്നതായി നാം അറിയുന്നു. എബ്രായ ലേഖനത്തിൽ പറയുന്നതുപോലെ അവർ അതെല്ലാം ക്ഷമയോടു സഹിച്ചു് ക്രിസ്തുവിൻെറ കല്പനപ്രകാരം തങ്ങളുടെ ജീവിതം നയിക്കയാണു് ചെയ്തതു്. മേഘപടലങ്ങൾ പോലെ വളരെ സാക്ഷികൾ നമുക്കു ചുററുമിരിക്കുമ്പോൾ സകല ഭാരത്തെയും മുറുകെ പററുന്ന പാപത്തെയും വിട്ടുകളഞ്ഞു് വിശ്വാസത്തിൻെറ കാരണഭൂതനും പൂൎത്തി വരുത്തുന്നവനുമായ യേശുവിങ്കലേക്കു നോക്കിക്കൊണ്ടു സഹിഷ്ണുതാപൂൎവ്വം തൻെറ കൊടിക്കീഴിൽ നിന്നു

കൊണ്ടു് എതിർ ക്രിസ്തുവിനോടു പോരാടുന്നവരായി നമുക്കിരിക്കാം.

ക്രിസ്തുയേശുവിൽ എനിക്കു വാത്സല്യമുള്ള ഫ്രസ്സ് സഹോദരാ! നിങ്ങളുമായി എനിക്കു മുഖപരിചയമില്ലെങ്കിലും ക്രിസ്തീയ വിശ്വാസം, ക്രിസ്തീയ സ്നേഹം എന്നിവയാൽ നിങ്ങളുടെ ഉററബന്ധുവായിട്ടത്രേ ഞാൻ ഇരിക്കുന്നതു്. ദൈവം നിങ്ങൾക്കു നല്കീട്ടുള്ള കൃപയിൽനിലനിന്നു് ക്രിസ്തുയേശുവിൻെറ നല്ല സേവകനായി അവൻെറ ശത്രുക്കളോടു പോർ നടത്തി ബഹുജനങ്ങളെ സത്യത്തിൻെറ വഴിയിൽ കൊണ്ടുവരുന്നതിനു പ്രയത്നിച്ചുകൊൾക. ഇടതൂട്ടുകൊണ്ടോ അന്തിക്രിസ്തുവിൻെറ അബദ്ധോപദേശങ്ങൾ കൊണ്ടോ സത്യത്തിൻെറ വഴി തടഞ്ഞുപോകയില്ല. അന്തിക്രിസ്തുവിൻെറ അനുതിനാൾ വന്നിരിക്കുന്നു. ആകയാൽ ശ്രദ്ധയോടിരുന്നു് കർത്തൃഭൃത്യന്മാരെ നവീകരിക്കാൻ ശ്രമിക്ക. നിങ്ങളുടെ ദിക്കിൽ മാത്രമല്ല, മററു പല ദേശങ്ങളിലും ക്രിസ്തുദാസന്മാർ പീഡയും മരണവും സഹിക്കുന്നതായി അറിഞ്ഞു ഞാൻ സന്തോഷിക്കുന്നു. ഇതിലധികം ഒന്നും ഇപ്പോൾ എഴുതേണ്ട ആവശ്യമില്ലല്ലോ. പ്രിയ സഹോദരന്മാരെ നിങ്ങൾ എല്ലാവരും ദൈവത്തിനുള്ളവരായി ജീവിതം കഴിക്കയും എനിക്കു വേണ്ടിയും എല്ലാ സഭകൾക്കു വേണ്ടിയും പ്രാർത്ഥിക്കയും ചെയ്വാൻ സമാധാനത്തിൻെറ ദൈവം നിങ്ങളെ ക്രിസ്തുയേശുവിൻെറ സാക്ഷാൽ അനുഗാമികളാക്കി വേണ്ട കൃപകളെല്ലാം നിങ്ങൾക്കു ചെയ്തുതരട്ടെ. ആ സമാധാന സ്വരൂപിക്കു ബഹുമാനവും മഹിമയും യുഗായുഗങ്ങളോളം ഉണ്ടാവൂതാക. ആമേൻ

## എന്തു പ്രയോജനം?

നിർവ്വിശ്വാസം, മാമൂൽ, ഇളക്കം, അനുഭവം ഈ നാലു പേർകൂടി ഒരു മുറിയിൽ ഇരുന്നു സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ ഒരുവൻ വാതിൽ തുറന്നു് അകത്തു ചാടി അതേ അവസരമുണ്ടായ ഒരു കപ്പൽ ഛേദത്തെക്കുറിച്ചു പറഞ്ഞു. അപ്പോൾ നിർവിശ്വാസം അവനോടു തർക്കിച്ചു് "കപ്പൽഛേദമെന്നൊന്നുണ്ടോ? എന്തു കഥയില്ലായ്മ?" എന്നു പറഞ്ഞു. മാമൂൽ ഇരുന്നു് ഒന്നാലോചിച്ചു് കപ്പൽക്കാരെ രക്ഷപെടുത്താൻ വല്ല വഴിയുമുണ്ടോ എന്നു കണ്ടുപിടിക്കണമെന്നു് അഭിപ്രായപ്പെട്ടു. ഇളക്കം ഓടിനടന്നു നിലവിളിക്കയും ദുഃഖംകൊണ്ടു മുടി പിഴുതുകളവാൻ ശ്രമിക്കയും ചെയ്തു. അനുഭവമോ ഇതിനിടയ്ക്കു സാവധാനത്തിൽ ഇറങ്ങി കയറുകളും മററും ശേഖരിച്ചുകൊണ്ടുചെന്നു കപ്പല്ക്കാരെ രക്ഷിപ്പാൻ ബദ്ധപ്പെട്ടു. ലോകസമുദ്രത്തിൽ മുങ്ങിച്ചാകുന്നവരെ രക്ഷിപ്പാൻ അനുഭവത്തിനു മാത്രമെ കഴികയുള്ളു.

# പാപം ചെയ്യുന്നതു് എത്ര ഭയങ്കരം!

കസ്റ്റന്തീനപ്പുരത്തിലെ ചക്രവത്തി ക്രിസോസ്റ്റം എന്ന പിതാവിനെ പിടിച്ചു ബന്ധിച്ചു തന്റെ വിശ്വാസം തള്ളിപ്പറവാൻ നിർബന്ധിച്ചു. എന്നിട്ട് അവൻ അതു കൂട്ടാക്കാതെ തല കുലുക്കുകയാണു ചെയ്തതു്. ചക്രവത്തി പരിചാരകരോട് 'അവനെ തടവിൽ ഇട്ടുവിൻ' എന്നു പറഞ്ഞു അപ്പോൾ ഒരു പരിചാരകൻ പറഞ്ഞതു്: 'ഇല്ല തിരുമേനി, അവനെ തടവിൽ ഇടുന്നതുകൊണ്ടു് അവനു സന്തോഷമേ വരികയുള്ളു. കാരണം, ഏകാന്തസ്ഥലത്തു ദൈവത്തോടു തനിച്ചു പ്രാർത്ഥിപ്പാൻ അവസരം കിട്ടുന്നതു് അവനു് ഇഷ്ടമാണ്.' അപ്പോൾ ചക്രവത്തി: 'എന്നാൽ അവനെ കൊന്നുകളയാം' എന്നു കല്പിച്ചു. അതിനു പരിചാരകൻ പറഞ്ഞതു്: 'അതുകൊണ്ടും ഗുണമില്ല. കൊന്നാൽ അവനു് ഉടനെ സ്വർഗ്ഗത്തിൽ പോകാം. എന്നു തന്നെയുമല്ല, സ്വർഗ്ഗത്തിൽ പോയാൽ കൊള്ളാമെന്നു് അവൻ ഇന്നലെയും പറയുന്നതു കേട്ടു. എന്നാൽ ക്രിസോസ്റ്റോമിനു വേദനയുണ്ടാകുന്നതു് ഒന്നു മാത്രമേ ഉള്ളു. അതു പാപം ചെയ്യുകയാണ്. വേറൊന്നിനേക്കുറിച്ചും അവനു ഭയമില്ല എന്നു് അവൻതന്നെ പറഞ്ഞിരിക്കുന്നു.' പാപം ചെയ്യുന്നതിനേക്കാൾ മരിക്കയത്രെ നന്നു് എന്നുള്ളതു നമുക്കു മുദ്രാവാക്യമായിരിക്കട്ടെ. "പാപത്തോടു പോരാടുന്നതിൽ നാം ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തുനിന്നിട്ടില്ല."
എബ്രാ. ൧൨: ൪.

# കുടിയനും പട്ടക്കാരനും

ഒരു കുടിയൻ തീവണ്ടികയറി. അവൻ ഇരുന്ന ബെഞ്ചിന്റെ എതിർവശത്തു് ഒരു പട്ടക്കാരൻ ഇരുന്നിരുന്നു. അദ്ദേഹത്തെ കണ്ടിട്ടു്, "സ്വർഗ്ഗമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നി"ല്ലെന്നു കുടിയൻ പറഞ്ഞു. പട്ടക്കാരൻ അതിനു ചെവികൊടുത്തില്ല. പിന്നെയും ആ മനുഷ്യൻ അങ്ങിനെ വിളിച്ചുപറഞ്ഞു. എന്നിട്ടും പട്ടക്കാരൻ മൌനമായിരുന്നു. "കേട്ടോ!, സ്വർഗ്ഗമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല" എന്നു വീണ്ടും ആ മനുഷ്യൻ നിലവിളിച്ചു. അപ്പോൾ പട്ടക്കാരൻ ശാന്തമായി "സ്വർഗ്ഗമുണ്ടെന്നു നിനക്കു വിശ്വാസമില്ലെങ്കിൽ നീ അങ്ങോട്ടു പോകേണ്ട; നരകത്തിലേക്കു തന്നെ യാത്രയായിക്കൊൾക, അതിനു ബഹളം കൂട്ടേണ്ട ആവശ്യമില്ലല്ലോ." എന്നുപറഞ്ഞു.

# സുവിശേഷപ്രചാരണഫണ്ട്

| | | | |
|---|---|---|---|
| എഴുമറ്റൂർ | 1 | കണിച്ചുകുളം | 1 |
| സി. കെ. മാത്യു. | 1 | കമ്പനാട്ട് | 6 |
| കവുങ്ങുംപ്രയാർ | 2 | ആകെ. | 11. രൂപാ. |

# കുറിപ്പുകൾ

കലൂത്തൂർ സഹോദരസംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രതിവത്സരം നടത്തിവരാറുള്ള സുവിശേഷമഹായോഗം, ദൈവകൃപയാൽ ഈ ആണ്ടിലും കലഞ്ഞൂർ ബി എം വി. എം. സ്കൂളിൽവെച്ച്, (105 മകരം 3 മുതൽ 6 വരെ തീയതികളിൽ) വളരെ പ്രയോജനകരമായും, കാര്യക്ഷമമായും നടന്നിരിക്കുന്നു. പ്രാസംഗികന്മാർ, മെസ്സേഴ്സ് എഫ്. മക്ലയിൻ, എ. സ്റ്റട്ടർ, ഡബ്ള്യൂ. വിൽകോക്ക്സ്, ഇ.എച്ച്. നോയൽ എന്നീ മിഷ്യനറിമാരായിരുന്നു. ശ്രോതാക്കളുടെ സംഖ്യ തൃപ്തികരമായിരുന്നു. പ്രസ്തുത യോഗങ്ങളിൽ ഏതാനുംപേർ, ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കുകയും, സ്ത്രീപുരുഷന്മാരുൾപ്പെടെ ഇരുപതുപേർ നിമജ്ജനസ്നാനം സ്വീകരിക്കയും ചെയ്തുവെന്നുള്ളതു വിശേഷാൽ പ്രസ്താവ്യമാണ്. ഞായറാഴ്ച കർതൃഭോജനവും ഉണ്ടായിരുന്നു. ആകെപ്പാടെ യോഗം വളരെ പ്രയോജകീഭവിച്ചിട്ടുണ്ട്.

* * * *

മകരം ൨-ാംനു-മുതൽ ൰-ാംനു-വരെ പുളിക്കീഴ് സഭയുടെ ആഭിമുഖ്യത്തിൽ ഒരു സുവിശേഷപ്രസംഗയോഗം നടക്കയുണ്ടായി. സ്ഥലത്തെ ഒരു മാന്യമഹിളുവിന്റെ മാനേജ്മെന്റിൽ നടത്തപ്പെടുന്ന പ്രൈമറിസ്കൂളിൽ വച്ചായിരുന്നു പ്രസ്തുതയോഗം. ഞായർ രാവിലെനടന്ന സ്നാനശുശ്രൂഷയിൽ നാലുപേർ നിമജ്ജനസ്നാനം സ്വീകരിച്ചു.

ഉച്ചകഴിഞ്ഞു് എസ്സ്. സി. സിമ്മന
രിക്കവെലയിൽവെച്ചുണ്ടായിരുന്ന പ
സ്യയോഗത്തിൽ സ്ഥലത്തും പരിസ
പ്രദേശങ്ങളിലും നിന്നു് ട്ടെവളരെശ്രോ
താക്കൾ സന്നിഹിതരായിരുന്നു. പ്ര
സംഗികന്മാരായി തൃശ്ശൂർ മിഷ്യനറ
മി: ഡേവിസ്, പുതുപ്പള്ളി മിഷ്യനറി
മി: ബ്ലാച്ച് എന്നിവരെക്കൂടാതെ മി:
കെ. ജി. തോമസ് (റാന്നി), മി: കെ
വി. സൈമൺ എന്നീ സുവിശേഷക
ന്മാരും ഉണ്ടായിരുന്നു.

* - * * *

പ്രതിമാസം നടന്നുവരാറുള്ള പട്ടി
ഞ്ഞാറൻസെന്റർ യുവജനയോഗവും മ
കരം ൨൰-ാംനു- പകൽ കറിയന്നൂർ
കുഴിവേലിമണ്ണിൽവച്ചു നടന്നിരിക്കുന്നു
യോഗം പൊതുവെ അനുഗ്രഹപ്രദമാ
യിരുന്നു.

* * * *

മകരം ൨൰-ം ൨൧-ം തീയതികളി
ൽ മഞ്ഞിനിക്കര സഭയുടെ ചുമതല
യിൽ ഒരു സുവിശേഷയോഗം ആച
പ്പാട്ടു മത്തായി അവർകളുടെ വസതി
യിൽവെച്ചു പ്രയോജനകരമായി നട
ന്നിരിക്കുന്നു. പ്രാസംഗികൻ മി: കെ
ജി. തോമസ് (റാന്നി) അവർകൾ
ആയിരുന്നു. ഞായറാഴ്ച രാവിലെ ഒരാ
ൾ വിശ്വാസസ്നാനം സ്വീകരിച്ചു. ഉ
ച്ചയോടുകൂടി ഒരു കർതൃഭോജനവും ഉ
ണ്ടായിരുന്നു. പ്രസ്തുത യോഗം വിശ്വാ
സികൾക്കു പ്രത്യേകം പ്രയോജകീഭവി
ച്ചു.

(K. T. M)

# ക്രിസ്തീയ സംഗീത രത്നാവലി.

(രണ്ടാം പതിപ്പ്)

## അനേകം പുതിയ പാട്ടുകൾ അടങ്ങിയത്

---

ഗ്രന്ഥകർത്താ. ശ്രീമാൻ. കെ. വി. സൈമൺ അവർകൾ — ആറന്മുള.

ക്രിസ്തീയ സംഗീതശതകം, ശതകാന്വയായി, പ്രത്യാശാഗീതങ്ങൾ, പ്രയാണഗീതങ്ങൾ, ക്രിസ്തീയസംഗീതരത്നാവലി, ഗാനപ്രസൂനം എന്നീ പേരുകളോടുകൂടി കഴിഞ്ഞ കാൽശതാബ്ദത്തിൽപരമായി കേരളത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിച്ചിട്ടുള്ള ഗാനകൃതികളുടെ സങ്കലനം.

ക്രിസ്തീയാരാധനത്തിന് ഉപയോഗയോഗ്യമെന്നുകണ്ട് വിവിധക്രൈസ്തവ സമുദായങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ക്രിസ്തീയഗീതങ്ങൾ, ആത്മീയഗീതങ്ങൾ, വിശുദ്ധഗീതങ്ങൾ മുതലായ പ്രസിദ്ധ പാട്ടുപുസ്തകങ്ങളിൽ യഥാകാലം പകർത്തിയിട്ടുള്ള എല്ലാ പാട്ടുകളും അടങ്ങിയിട്ടുള്ളത്.

ശ്രീമാൻ ചിത്രമെഴുത്ത് കെ. എം. വറുഗീസ് അവർകളുടെ വിശിഷ്ടമവതാരികയാൽ അലങ്കരിക്കപ്പെട്ടിട്ടുള്ളത്.

ക്രൗൺ എട്ടുവലിപ്പത്തിൽ ഇരുന്നൂറോളം പേജുകളിൽ ഭംഗിയായി അച്ചടിച്ചിട്ടുള്ള പ്രസ്തുത കൃതിക്കു വില അണ നു മാത്രം.

ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

കെ. റി. മത്തായി.

വിയോജിതൻ ആഫീസ്

ഇടയാറന്മുള, ചെങ്ങന്നൂർ.